പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3403** 09/04/2013 ൽ മറുപടിയ്ക്ക്

## റീ-സർവ്വേ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. വി. ശശി<br>ശ്രീ. ഇ. കെ. വിജയൻ<br>ശ്രീ.പി. തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ റീ-സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടോ; | (എ) ഉണ്ട്. 31/10/2012 ലെ സർക്കാർ ഉത്തരവ് (എം.എസ്സ്) നമ്പർ 409/12/റവന്യൂ പ്രകാരം റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമാക്കി നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |
| (ബി) പൈലറ്റ് പ്രോജക്റ്റ് പ്രകാരം എത്ര വില്ലേജുകളിൽ റീ-സർവ്വേ ആരംഭിച്ചു; എത്ര വില്ലേജുകളിൽ ഫീൽഡ് ജോലികൾ പൂർത്തിയായി; | (ബി) 24 വില്ലേജുകളിൽ.<br>21 വില്ലേജുകളിൽ റീസർവ്വേ ഫീൽഡ് ജോലികൾ പൂർത്തികരിച്ചു. |
| (സി) റീ-സർവ്വേയുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചു; എത്ര പരാതികൾ തീർപ്പാക്കി; | (സി) സംസ്ഥാനത്ത് എൽ.ആർ.എം. മുഖേന 2013 ജനുവരി മാസം വരെ 393113 പരാതികൾ ലഭിച്ചിരുന്നു. ആയതിൽ 293383 പരാതികൾ തീർപ്പാക്കി. 99730 പരാതികൾ തീർപ്പാക്കുവാൻ ശേഷിക്കുന്നു.<br>റീസർവ്വേ പൈലറ്റ് പ്രോജക്റ്റ് പ്രകാരം ജോലികൾ ആരംഭിച്ച വില്ലേജുകളിൽ ആകെ 44416 പരാതികൾ ലഭ്യമായിട്ടുള്ളതിൽ, 36198 പരാതികൾ തീർപ്പാക്കി. 8218 പരാതികൾ തീർപ്പാക്കുവാൻ ശേഷിക്കുന്നു. |
| (ഡി) സംസ്ഥാനത്ത് റീ-സർവ്വേ എത്രകാലംകൊണ്ടു പൂർത്തിയാക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ? | (ഡി) കൃത്യമായ കാലാവധി മുൻകൂട്ടി വ്യക്തമാക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ